# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ഫെബ്രുവരി 4, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 344)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 4321 മുതൽ 4453 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 4454 മുതൽ 4546 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 4547 മുതൽ 4609 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 4610 മുതൽ 4664 വരെ |

## സ്കൂൾ യൂണിഫോം വിതരണം

4321

ശ്രീ. വി. എസ്. സുനിൽകുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ തന്നെ വിദ്യാർത്ഥികൾക്കു യൂണിഫോം നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നു വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>യൂണിഫോം തുണി വാങ്ങുന്നതിനുള്ള നിർദ്ദേശം</u>

4322 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിന് ചില കമ്പനിയുടെ തുണിത്തരങ്ങൾ തന്നെ വാങ്ങണം എന്ന് ചില ബി.പി.ഒ.മാർ നിർദ്ദേശം നൽകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>സ്കൂൾ കലോത്സവങ്ങൾക്ക് സർക്കാർ ധനസഹായം</u>

4323 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്കൂൾ കലോത്സവം നടത്തുന്നതിന് മുൻകാലങ്ങളിൽ ധനസഹായം നൽകിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ ധനസഹായം നിർത്തിയിട്ടുണ്ടോ;

(സി) സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മുഴുവൻ ചെലവും സർക്കാർ വഹിക്കുന്നതു പോലെ സബ് ജില്ല, ജില്ലാ കലോത്സവങ്ങൾക്കും സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വടകര സർക്കാർ ഹയർസെക്കന്ററി, ഹൈസ്കൂൾ വിഭാഗം സ്കൂളുകൾക്ക് അനുവദിച്ച സാമ്പത്തിക സഹായം</u>

4324 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകരയിലെ സർക്കാർ ഹയർസെക്കന്ററി, ഹൈസ്കൂൾ വിഭാഗം സ്കൂളുകൾക്ക് കഴിഞ്ഞ അദ്ധ്യയന വർഷം വിദ്യാഭ്യാസ വകുപ്പ് ഏതെല്ലാം ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സ്കൂളിനും എന്തെല്ലാം പ്രവൃത്തികൾക്കാണ് സഹായം നൽകിയിരിക്കുന്നത് എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പ്രകാരമുള്ള ധനസഹായം</u>

4325 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതി പ്രകാരം ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള മോഡൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസസുകളുടെ അഭിവൃദ്ധിക്കായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ഇത്തരം എത്ര കോളേജുകൾക്കാണ് ഈ സഹായം ലഭിക്കുകയെന്ന് അറിയിക്കുമോ;

(സി) നീലേശ്വരം മോഡൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസസ്, മടിക്കൈയ്ക്ക് ഈ സഹായം ലഭ്യമാകുമോ;

(ഡി) ഓരോ മോഡൽ അപ്ലൈഡ് സയൻസസ് കോളേജിനും എത്ര തുകയാണ് സഹായമായി ലഭ്യമാകുകയെന്ന് കോളേജ് തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(ഇ) ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം ഏതനുപാതത്തിലാണെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ സർവ്വശിക്ഷാ അഭിയാൻ ഫണ്ട് പ്രവൃത്തികൾ</u>

4326 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സർവ്വ ശിക്ഷാ അഭിയാൻ ഫണ്ട് ഉപയോഗിച്ച് മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ, ഏതെല്ലാം സ്കൂളുകളിൽ എത്ര രൂപ ചിലവഴിച്ച് ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

(ബി) 2006-2011 കാലയളവിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും വിദ്യാലയങ്ങളുടെ പേരുവിവരങ്ങളും ലഭ്യമാക്കുമോ;

(സി) നിലവിൽ എസ്.എസ്.എ. ഫണ്ടുപയോഗിച്ച് നടപ്പിലാക്കേണ്ട പദ്ധതിനിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ട്രെയിനിംഗ് പാർട്ണർ സ്കീം</u>

4327

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്ത് ട്രെയിനിംഗ് പാർട്ണർ സ്കീമിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>വോക്ക് വിത്ത് എ സ്കോളര്‍ പദ്ധതി</u>

4328 ശ്രീ. കെ. അച്ചുതന്‍
,, ആര്‍. സെല്‍വരാജ്
,, എം. പി. വിന്‍സെന്റ്
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വോക്ക് വിത്ത് എ സ്കോളര്‍ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലെ വിദ്യാര്‍ത്ഥികളെ ആണ് ഈ പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) വിദഗ്ധരുടെ ഉപദേശങ്ങള്‍ വിദ്യാര്‍ത്ഥികള്‍ക്ക് ലഭിക്കുവാന്‍ എന്തെല്ലാം കാര്യങ്ങള്‍ പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ട്;

(ഡി) എന്ന് മുതലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>എൻട്രൻസ് പരീക്ഷകൾക്ക് വിദ്യാർത്ഥികൾക്ക് സ്കൂളിൽ പരിശീലനം</u>

4329 ശ്രീ. പി. എ. മാധവൻ
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് എൻട്രൻസ് പരീക്ഷകൾക്ക് വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പരിശീലനം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും പരിശീലനരീതിയെക്കുറിച്ചും വിശദമാക്കുമോ;

(സി) ഏതെല്ലാം വിദ്യാർത്ഥികൾക്കാണ് പ്രസ്തുത പദ്ധതി മൂലം പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏത് അധ്യയന വർഷം മുതലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>സ്കോളർ സപ്പോർട്ട് പ്രോഗ്രാം</u>

4330 ശ്രീ. വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിദ്യാർത്ഥികളെയാണ് സ്കോളർ സപ്പോർട്ട് പ്രോഗ്രാമിന്റെ കീഴിൽകൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായവും ബോധന സാമഗ്രികളുമാണ് ഈ പദ്ധതിയനുസരിച്ച് നൽകുന്നത് ; വിശദമാക്കുമോ ;

(സി) ഏത് അധ്യയന വർഷം മുതലാണ് പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വ്യക്തമുക്കുമോ ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>സ്റ്റേറ്റ് ലെവൽ അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി</u>

4331 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയിൽ സ്റ്റേറ്റ് ലെവൽ അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

4332 ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഇതനുസരിച്ച് നിലവിലുള്ളതിൽ നിന്നും എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) അടുത്ത അദ്ധ്യയനവർഷം മുതൽ ഇത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭ്യാസവകുപ്പിൽ വിവരാവകാശ നിയമം നടപ്പിലാക്കൽ</u>

4333 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസവകുപ്പിൽ വിവരാവകാശ നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) സർക്കാർ സ്കൂളുകളിലും, എയ്ഡഡ് സ്കൂളുകളിലും ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) നിയമമനുസരിച്ച് വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ ഇൻഫർമേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത നിയമം സംബന്ധിച്ച് ബന്ധപ്പെട്ടവർക്കിടയിൽ വേണ്ടത്ര പ്രചാരണം നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

'കേരള ഫ്യൂച്ചർ സ്കൂൾസ്'

4334 ശ്രീ. ജോസഫ് വാഴക്കൻ
'' എ. റ്റി. ജോർജ്
'' വി. ഡി. സതീശൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കേരള ഫ്യൂച്ചർ സ്കൂൾസ്' സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും ഇതിനായി വിഭവ സമാഹരണം നടത്തുവാനും എന്തെല്ലാം കാര്യങ്ങളാണ് ഈ പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ഹയര്‍ സെക്കന്ററി സ്കൂളുകളുടെ മേല്‍നോട്ടത്തിന് പ്രത്യേക സംവിധാനം</u>

4335 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍
,, റോഷി അഗസ്റ്റിന്‍
ഡോ. എന്‍. ജയരാജ്
ശ്രീ. പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഹയര്‍ സെക്കന്ററി സ്കൂളുകളുടെ മേല്‍നോട്ടത്തിന് പ്രത്യേക സംവിധാനം ഏര്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാമാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ആവശ്യമായ തുകയുടെ ലഭ്യത എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്കെതിരെയുള്ള ലൈംഗിക ചൂഷണങ്ങൾ തടയാൻ സ്കൂളുകളിൽ പദ്ധതി</u>

4336 ശ്രീ. പി. തിലോത്തമൻ
,, കെ. അജിത്
,, ചിറ്റയം ഗോപകുമാർ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് നേരെയുള്ള ലൈംഗിക ചൂഷണങ്ങൾ തടയുന്നതിനും അതിനായി ബോധവൽക്കരണം നടത്തുന്നതിനുമായി വിദ്യാലയങ്ങളിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്;

(ബി) സ്കൂളുകളിലെ കൗൺസിലിംഗ് ഫലപ്രദമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>വിദ്യാർത്ഥി രാഷ്ട്രീയ അക്രമങ്ങൾ തടയാൻ നടപടി</u>

4337 ശ്രീ. സി. മോയിൻകുട്ടി
,, പി.കെ. ബഷീർ
,, എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥി രാഷ്ട്രീയം വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും വിദ്യാർത്ഥികളുടെ പഠനസൗകര്യങ്ങൾക്കും വസ്തുവകകൾക്കും നാശം ഉണ്ടാക്കുന്ന കാര്യം ഗൗരവമായി വീക്ഷിക്കുന്നുണ്ടോ;

(ബി) കലാലയങ്ങളെ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പേരിൽ കുരുതിക്കളമാക്കുന്ന അവസ്ഥ ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇക്കാര്യത്തിൽ പൊതുപ്രവർത്തകർ, രക്ഷാകർത്താക്കൾ, അദ്ധ്യാപകപ്രതിനിധികൾ, സാംസ്കാരികനായകർ, വിദ്യാർത്ഥികൾ എന്നിവരിൽനിന്നും അഭിപ്രായരൂപീകരണം നടത്തി ക്യാമ്പസുകൾ അക്രമവിമുക്തമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ വിദ്യാഭ്യാസവർഷത്തിൽ ഇതേവരെ എത്ര അധ്യയനദിവസങ്ങൾ നഷ്ടമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി</u>

4338 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി പ്രകാരം നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന സ്കൂളുകളിൽ സ്കിൽ ഡവലപ്മെന്റ് എക്സിക്യൂട്ടീവുകളായി തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരു വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് നൽകുമോ;

(സി) ഇതിലേക്കായി പത്തിൽ കുറയാത്ത എണ്ണം ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എം.എൽ.എ.മാർ വഴി നൽകുവാൻ നിർദ്ദേശം നൽകിയിരുന്നോ; ആയതിൻ പ്രകാരം നൽകപ്പെട്ട ലിസ്റ്റിലുളളവരെ കൂടികാഴ്ചയ്ക്കും മറ്റ് പരീക്ഷകൾക്കുമായി ക്ഷണിച്ചിരുന്നോ; ഇതിൽ ഉണ്ടായ തുടർ നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

4339

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ഏതെല്ലാം സ്കൂളുകളിലും കോളേജുകളിലും നടപ്പാക്കിവരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രോഗ്രാമിൽ നിർദ്ദേശിക്കപ്പെട്ട ഏതെല്ലാം സ്കൂളുകളിൽ / കോളേജുകളിൽ ഈ പ്രോഗ്രാം ആരംഭിക്കാൻ കഴിഞ്ഞില്ല; ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ;

(സി) പുതുതായി ഈ പ്രോഗ്രാം എത്ര സ്കൂളുകളിൽ /കോളേജുകളിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

നാട്ടിക മണ്ഡലത്തിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി

4340

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി എങ്ങനെ, എവിടെയെല്ലാമാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ;

(ബി) നാട്ടിക മണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു കഴിഞ്ഞുവെന്നും ഇതിലേയ്ക്ക് ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളെ മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുത്തിട്ടുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് നൽകുമോ;

(സി) തൃശൂർ ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ആരംഭിക്കാൻ നടപടി</u>

4341 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസാപ്പിന് കീഴിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) കുന്ദമംഗലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ</u>

4342 ശ്രീ. ബെന്നി ബെഹനാൻ
'' വർക്കല കഹാർ
'' വി. ഡി. സതീശൻ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) സെക്കന്ററി വിദ്യാഭ്യാസം വ്യാപകമാക്കുന്നതിനും ഇതിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ എന്നും എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തില്‍ വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികള്‍</u>

4343 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം വിദ്യാഭ്യാസ വകുപ്പ് സാങ്കേതിക-കോളേജ്-ഹയര്‍ സെക്കണ്ടറി-വൊക്കേഷണല്‍ ഹയര്‍ സെക്കണ്ടറി വിഭാഗങ്ങളിലും വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മറ്റ് വകുപ്പുകള്‍ മുഖേനയും എന്തെല്ലാം വികസന പ്രവര്‍ത്തനങ്ങള്‍ / വികസന പദ്ധതികള്‍ ആണ് കൊയിലാണ്ടി നിയോജക മണ്ഡലത്തില്‍ നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ വകുപ്പുകള്‍ നടപ്പാക്കിയ പ്രസ്തുത പദ്ധതികള്‍ക്ക് ഓരോന്നിനും അനുവദിച്ച തുക എത്ര; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>കൊല്ലം ജില്ലയിലെ സമഗ്രവിദ്യാഭ്യാസ പദ്ധതി</u>

4344 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഏതെല്ലാം മണ്ഡലങ്ങളിലാണ് സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നത്; മണ്ഡലങ്ങളിലെ ഏതെല്ലാം സ്കൂളുകളിൽ ഇവ സംബന്ധിച്ച പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ സ്കൂളിലും നടക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ജില്ലയിൽ നാളിതുവരെ എത്ര തുക ചിലവഴിച്ചു; വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

എസ്.എസ്.എ പദ്ധതി പ്രവര്‍ത്തനങ്ങള്‍

4345 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ വകുപ്പില്‍ എസ്.എസ്.എ. പദ്ധതിയിലൂടെ എന്തൊക്കെ പ്രവര്‍ത്തനങ്ങളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; അവയുടെ പുരോഗതി അവലോകനം ചെയ്യാറുണ്ടോ; ഇതിന് എന്ത് സംവിധാനങ്ങളാണ് നിലവിലുളളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം പി.എസ്.സി. വഴി അല്ലാതെ എസ്.എസ്.എ.യില്‍ ഏതെല്ലാം തസ്തികകളില്‍ നിയമനം നടത്തി എന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് പരാതികള്‍ ലഭിച്ചിട്ടുണ്ടോ; ആയതിന്‍മേല്‍ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(സി) 2013-14 സാമ്പത്തിക വര്‍ഷത്തില്‍ എസ്.എസ്.എക്ക് അനുവദിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ; അനുവദിച്ച തുക മുഴുവന്‍ ചിലവഴിച്ചോ; ഇല്ലെങ്കില്‍ എത്ര തുക ലാപ്സായി; ഇതിനുളള കാരണം എന്നിവ വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

എസ്.എസ്.എ. ഫണ്ട് വിനിയോഗം

4346 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2013, 2012-2013 വർഷങ്ങളിൽ കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച എസ്.എസ്.എ. ഫണ്ട് എത്രയായിരുന്നെന്ന് വെളിപ്പെടുത്താമോ;

(ബി) രണ്ടുവർഷങ്ങളിലും അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഫണ്ട് വിനിയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ ലാപ്സായ തുക എത്ര;

(ഇ) നടപ്പുസാമ്പത്തികവർഷം അനുവദിച്ച എസ്.എസ്.എ. ഫണ്ടിൽനിന്നും ഇതിനകം എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; ചെലവഴിച്ചതിന്റെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സ്കൂൾ പാഠ്യപദ്ധതിയിൽ പരിഷ്കരണം</u>

4347 ശ്രീ. കെ. എം. ഷാജി
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതിയിൽ പരിഷ്ക്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിലുള്ള പരിഷ്ക്കാരങ്ങൾ വരുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസത്തോടൊപ്പം, സാമൂഹ്യകാഴ്ചപ്പാടും, സഹജീവി സ്നേഹവുമുള്ള തലമുറയെ വാർത്തെടുക്കാനുദ്ദേശിച്ച് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഭാരത ഭരണഘടനയുടെ സവിശേഷതകൾ, അതിൽ വിഭാവനം ചെയ്തിട്ടുള്ള അവകാശങ്ങൾ, കടമകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ സംബന്ധിച്ച് കുട്ടികൾക്ക് അവബോധമുണ്ടാക്കുന്ന തരത്തിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) പൗരബോധം, പരിസ്ഥിതി ബോധം, കാർഷികാഭിമുഖ്യം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുന്നതിനാവശ്യമായ പഠഭാഗങ്ങൾ കൂടി ഉൾപ്പെടുത്താൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകളിൽ സംസ്ഥാന പാഠ്യപദ്ധതി</u>

4348 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകുന്നതിന് സ്വീകരിച്ച അപേക്ഷകളിന്മേൽ എന്തൊക്കെ മേൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇപ്പോൾ പരിഗണനയിലുള്ള അംഗീകാരമില്ലാത്ത സ്കൂളുകൾ സംസ്ഥാന പാഠ്യപദ്ധതി തന്നെയാണോ പിൻതുടർന്നിരുന്നതെന്ന് ഉറപ്പ് വരുത്തുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നത്;

(സി) സി.ബി.എസ്.ഇ, ഐ. സി. എസ്. ഇ. സിലബസ് പഠിപ്പിച്ചിരുന്ന സ്കൂളുകൾ സംസ്ഥാന പാഠ്യപദ്ധതി പ്രകാരമുള്ള അംഗീകാരത്തിനായി അപേക്ഷ നൽകിയിട്ടുണ്ടോ; പരിശോധനയിൽ ലഭ്യമായ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ</u>

4349 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളിലാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഓരോ മണ്ഡലത്തിലും നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>നാട്ടിക മണ്ഡലത്തിലുള്ള സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി</u>

4350 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് ഇപ്പോൾ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കി വരുന്നത്; വിശദമാക്കുമോ;

(ബി) ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കിയിട്ടില്ലാത്ത സ്കൂളുകൾ ഉണ്ടെങ്കിൽ ലിസ്റ്റ് നൽകുമോ;

(സി) പ്രസ്തുത സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കാൻ തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് വിശദീകരിക്കുമോ;

(ഡി) പദ്ധതി പ്രാവർത്തികമായിട്ടുള്ള സ്കൂളുകളിൽ അതിന്റെ നടത്തിപ്പ് ഫലപ്രദമായി മുന്നോട്ടു പോകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

## സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി

4351 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
,, ജി.എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടിയിൽ എന്തെല്ലാം വിഭവങ്ങളാണ് നൽകിവരുന്നത്;

(ബി) ഓരോ വിഭവത്തിനും അനുവദിക്കുന്ന നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമാർക്കറ്റിലെ വിലക്കയറ്റം വിഭവങ്ങൾ കൃത്യമായി നൽകുന്നതിന് പ്രയാസം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഉച്ചഭക്ഷണ പരിപാടിയിൽ സ്കൂളുകൾക്ക് നൽകേണ്ട കുടിശ്ശിക തുക സ്കൂളുകൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കോങ്ങാട് മണ്ഡലത്തിലെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി</u>

4352 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം സ്കൂളുകളിൽ എത്ര ഉച്ചഭക്ഷണ പാചകശാലകൾക്ക് സർക്കാർ ഭരണാനുമതി നൽകിയെന്ന വിവരം നൽകുമോ ;

(ബി) കോങ്ങാട് മണ്ഡലത്തിൽനിന്നും ഇക്കാര്യത്തിൽ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിലേക്ക് കേന്ദ്ര ഫണ്ടായി എത്ര രൂപ ലഭിച്ചു ; സംസ്ഥാന വിഹിതമായി എത്ര തുക അനുവദിച്ചു ; വ്യക്തമാക്കുമോ ;

(ഡി) കോങ്ങാട് മണ്ഡലത്തിൽനിന്നും ലഭിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഈ വർഷത്തെ പദ്ധതിയ്ക്ക് അനുമതി ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സ്കൂള്‍ പാചകത്തൊഴിലാളികളുടെ വേതനം</u>

4353 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂളുകളിലെ പാചകത്തൊഴിലാളികള്‍ക്ക് ലഭിക്കുന്ന വേതനം വളരെ തുച്ഛമാണെന്നകാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കാതെ നാല്‍പതുവര്‍ഷം വരെയായി ഈ മേഖലയില്‍ ജോലി ചെയ്യുന്നവരുമുണ്ടെന്ന കാര്യവും ഇവര്‍ക്ക് ഒരു ദിവസം എത്ര കുട്ടികള്‍ക്ക് ഭക്ഷണം തയ്യാറാക്കിയാലും ഇരുന്നൂറ് മുതല്‍ ഇരുന്നൂറ്റമ്പത് രൂപവരെ മാത്രമാണ് ലഭിക്കുന്നതെന്നതും അറിയുമോ?

(ബി) സ്കൂള്‍ പാചകത്തൊഴിലാളികള്‍ക്ക് അവധിദിവസങ്ങളിലും സ്കൂള്‍ വെക്കേഷന്‍ കാലയളവിലും ഉപജീവനത്തിന് എന്ത് ധനസഹായമാണ് സര്‍ക്കാര്‍ നല്‍കുന്നത് എന്ന് വ്യക്തമാക്കാമോ; ജോലിക്കിടയില്‍ എന്തെങ്കിലും അപകടമുണ്ടായാല്‍ ഇവര്‍ക്ക് എന്തെങ്കിലും സാമ്പത്തികസഹായം നല്‍കാറുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്കൂള്‍ പാചകത്തൊഴിലാളികള്‍ക്ക് മിനിമം പ്രതിദിന വേതനമായി 400/- രൂപയെങ്കിലും അനുവദിക്കുവാനും ഇ.എസ്.ഐ. അടക്കമുള്ള ആനുകൂല്യം അനുവദിക്കുവാനും ഇവരുടെ പെന്‍ഷന്‍ പ്രായം 70 വയസ്സാക്കി ശേഷിച്ചകാലം പെന്‍ഷന്‍ നല്‍കുവാനും നൂറ് വിദ്യാര്‍ത്ഥികള്‍ക്ക് ഒരു പാചകത്തൊഴിലാളിയെ വീതം അനുവദിക്കുവാനും നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂള്‍ പാചകപ്പുരകളില്‍ പാചകവാതകമടക്കമുള്ള സൗകര്യങ്ങള്‍ ഏര്‍പ്പെടുത്താനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

**വള്ളിക്കുന്ന് മണ്ഡലത്തിലെ എൽ.പി., യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി**

4354 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ ഗവണ്മെന്റ് യു.പി. സ്കൂൾ, പടിക്കൽ ഗവണ്മെന്റ് എൽ.പി. സ്കൂൾ വെളിമുക്ക് എന്നിവ അപ്ഗ്രേഡ് ചെയ്യുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുതവിദ്യാഭ്യാസസ്ഥാപനങ്ങൾ അപ്ഗ്രേഡ് ചെയ്യാത്തതിനാൽ വിദ്യാർത്ഥികളും രക്ഷിതാക്കളും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ആയതു പരിഹരിക്കാൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>എം.ജി.എൽ.സി. കളെ എൽ.പി. സ്കൂളാക്കി ഉയർത്തുന്നതിനുള്ള ലിസ്റ്റ്</u>

4355 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എത്ര എം.ജി.എൽ.സി കളാണ് എൽ.പി. സ്കൂളാക്കി ഉയർത്തുന്നതിനുള്ള ലിസ്റ്റിലുള്ളത്; ഇതിന്റെ നടപടിക്രമങ്ങൾ ഏത് സ്ഥിതിയിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കൽപ്പറ്റ നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ</u>

4356 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ആർ.എം.എസ്.എ-യിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിന് അപേക്ഷ നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അധ്യയന വർഷത്തിൽ പ്രസ്തുത അപേക്ഷയിൽ നിന്ന് ഏതെല്ലാം സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്;

(സി) ഏതെല്ലാം സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള യോഗ്യത നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

വെഞ്ഞാറമൂട് എൽ. പി. എസ്സിനെ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

4357 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് സർക്കാർ എച്ച്.എസ്.എസ്.-ൽ പ്രവർത്തിച്ചുകൊണ്ടിരുന്ന യു. പി. വിഭാഗം, വെഞ്ഞാറമൂട് എൽ. പി. സ്കൂളിലേക്ക് മാറ്റിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത എൽ. പി. സ്കൂളിനെ അപ്ഗ്രേഡ് ചെയ്ത് യു. പി. സ്കൂൾ ആക്കാത്തതുകാരണം അദ്ധ്യാപകർക്കും പി.റ്റി.എ. യ്ക്കും വളരെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു എന്നുള്ള യാഥാർത്ഥ്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) വെഞ്ഞാറമൂട് എൽ.പി.എസ്സിനെ യു.പി.എസ്സ്. ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാരിന് എന്തെങ്കിലും അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകാൻ സാദ്ധ്യതയുണ്ടോ;

(ഡി) പ്രസ്തുത സ്കൂളിനെ അപ്ഗ്രേഡ് ചെയ്ത് സ്കൂളിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>ആർ. എം. എസ്. എ പദ്ധതി പ്രകാരം ഹൈസ്കൂളുകളാക്കി ഉയർത്തുന്ന സ്കൂളുകൾ</u>

4358 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. എം. എസ്. എ. പദ്ധതിയിൽ ഉൾപ്പെടുത്തി അടുത്ത വർഷം ഒമ്പതാം ക്ലാസ്സ് ആരംഭിക്കുന്ന എത്ര സ്കൂളുകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) നിലവിലെ യു. പി. സ്കൂളുകൾ ഹൈസ്കൂളായി ഉയർത്തിയതിൽ പശ്ചാത്തല വികസനത്തിന് ആർ. എം. എസ്. എ. ഫണ്ട് ലഭ്യമാകുമോ;

(സി) എങ്കിൽ ഓരോ സ്കൂളിനും എത്ര രൂപ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകൾ**

4359 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ വിദ്യാർത്ഥികൾക്കാവശ്യമായ ഭൗതികസൗകര്യങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഭൗതികസൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത സ്കൂളിൽ പുതിയ അദ്ധ്യാപകതസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ആർ. എം. എസ്. എ സ്കൂളുകളിൽ ഭാഷാപഠനം</u>

4360 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ സ്കൂളുകളിൽ ധാരാളം കുട്ടികൾ ഭാഷാപഠനം നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര ആർ. എം. എസ്. എ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ആർ.എം.എസ്.എ സ്കൂളുകളിൽ പഠിക്കാനാഗ്രഹിക്കുന്ന കുട്ടികൾക്ക് ഭാഷാപഠനത്തിന് ആവശ്യമായ തസ്തിക സൃഷ്ടിച്ച് അദ്ധ്യാപകരെ നിയമിക്കാൻ തയ്യാറാകുമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾക്ക് പുതിയ കെട്ടിടം</u>

4361 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര സർക്കാർ സ്കൂളുകളാണ് ഹൈസ്കൂളുകളായി ഉയർത്തിയിട്ടുള്ളത്; അവയുടെ പേരു വിവരം ലഭ്യമാക്കുമോ; ഏതു പദ്ധതിയനുസരിച്ചാണ് ഈ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്;

(ബി) അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ള ഏതൊക്കെ സ്കൂളുകളിലാണ് ഈ പദ്ധതിപ്രകാരമുള്ള കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുള്ളത്; എത്ര രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്; ബാക്കിയുള്ള സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) ഇങ്ങനെ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളുകളാക്കിയിട്ടുള്ള സ്കൂളുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെയുള്ള മിക്ക സ്കൂളുകളിലും വിവിധ വിഷയങ്ങൾ കുട്ടികളെ പഠിപ്പിക്കുവാൻ ഗസ്റ്റ് അദ്ധ്യാപകരാണ് ഉള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഇ) അടുത്ത അധ്യയന വർഷമെങ്കിലും ഈ തസ്തികകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സ്ഥലപരിമിതിമൂലം വീർപ്പുമുട്ടുന്ന ഇത്തരം സ്കൂളുകളിൽ പുതിയ കെട്ടിടം അടിയന്തരമായി നിർമ്മിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

നെടുങ്ങോലം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം

4362 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ കെട്ടിടത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കണമെന്ന അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) 50 വർഷം പഴക്കമുള്ളതും എൽ.പി.സ്കൂൾ പ്രവർത്തിച്ചിരുന്നതുമായ പഴയതും ജീർണ്ണിച്ചതുമായ കെട്ടിടത്തിലാണ് ക്ലാസ്സുകൾ നടത്തുന്നതെന്ന കാര്യം ശ്രദ്ധിച്ചിരുന്നുവോ;

(സി) എങ്കിൽ ഈ സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>ചേലക്കരയിലെ സ്കൂളുകളിലെ കെട്ടിട നിർമ്മാണം</u>

4363

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 - 14 സാമ്പത്തിക വർഷത്തിൽ ചേലക്കര നിയോജക മണ്ഡലത്തിൽ ഏതെല്ലാം ഹയർ സെക്കന്ററി സ്കൂളുകളിലാണ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഹയർ സെക്കന്ററി ഡയറക്ടർ മുഖേന വിശദമായ എസ്റ്റിമേറ്റ് ഉൾപ്പെടെ പ്രൊപ്പോസൽ സമർപ്പിച്ചതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം സ്കൂളുകൾക്കാണ് കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകിയതെന്നും അതിന്റെ തുക എത്രയാണെന്നും ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(സി) ക്ലാസ്സ് മുറികൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം ബുദ്ധിമുട്ടുന്ന സ്കൂളുകളിൽ പ്രസ്തുത പ്രൊപ്പോസൽ പ്രകാരമുള്ള പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഈ വർഷം തന്നെ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

മൂര്‍ക്കനാട് പഞ്ചായത്തില്‍ പുതിയ ഗവണ്‍മെന്റ് സ്കൂള്‍

4364 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗവണ്‍മെന്റ് സ്കൂള്‍ ഇല്ലാത്ത മൂര്‍ക്കനാട് പഞ്ചായത്തില്‍ ഒരു ഗവണ്‍മെന്റ് സ്കൂള്‍ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ എല്‍. പി. മുതല്‍ ഹയര്‍സെക്കണ്ടറി വിഭാഗം വരെയുള്ള ഒരു ഗവണ്‍മെന്റ് സ്കൂള്‍ മൂര്‍ക്കനാട് പഞ്ചായത്തില്‍ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾ</u>

4365 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസ് വകുപ്പു മന്ത്രി** സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സർക്കാർ എൽ.പി.,യു.പി., ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാലയങ്ങളുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാലയങ്ങൾക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനും, കെട്ടിടം നിർമ്മിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളിൽ മൂത്രപ്പുര നിർമ്മിക്കാൻ നടപടി</u>

4366 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂത്രപ്പുരകൾ ഇല്ലാത്ത സ്കൂളുകൾക്ക് ആയത് നിർമ്മിച്ചുനൽകുന്നതിനായി കോങ്ങാട് മണ്ഡലത്തിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നുള്ള വിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഈ വർഷം തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി പ്രൊപ്പോസലിന്മേൽ ഈ വർഷം തന്നെ ഭരണാനുമതി ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>അനധികൃത അണ്‍എയ്ഡഡ് സ്കൂളുകള്‍</u>

4367 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അംഗീകാരമില്ലാത്ത എത്ര അണ്‍എയ്ഡഡ് സ്കൂളുകള്‍ സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സ്കൂളുകള്‍ക്ക് അംഗീകാരം നല്‍കാന്‍ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>അൺ - എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡം</u>

4368 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ഇതിൽ എത്ര സി.ബി.എസ്.സി., ഐ.സി.എസ്.സി. സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ;

(സി) അംഗീകാരം നൽകപ്പെട്ട എല്ലാ സ്കൂളുകളുടെ കാര്യത്തിലും പ്രസ്തുത മാനദണ്ഡം പാലിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) മാനദണ്ഡങ്ങൾ പാലിക്കാത്ത സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) മാനദണ്ഡങ്ങളിൽ ഇളവ് നൽകാൻ വ്യവസ്ഥയുണ്ടോ ; ഇളവ് നൽകാനുള്ള കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭ്യാസ വകുപ്പിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം</u>

4369 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എത്ര ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തിയിട്ടുണ്ട് എന്നും, ആയത് ഏതൊക്കെ തസ്തികകളിലാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>പി.എസ്.സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയല്ലാത്ത നിയമനങ്ങൾ</u>

4370 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം പരീക്ഷാ ഭവനിൽ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയല്ലാതെ നടന്ന താൽകാലിക/ദിവസവേതനാടിസ്ഥാനത്തിൽ ഉള്ള എല്ലാ നിയമനങ്ങളെ സംബന്ധിച്ച് തസ്തിക, ശമ്പളം, നിയമനം ലഭിച്ച വ്യക്തിയുടെ പേരും മേൽവിലാസവും, നിയമനം ലഭിച്ച തീയതി തുടങ്ങിയ എല്ലാ വിശദാംശങ്ങളുും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

'ഡയറ്റ്' നിയമനം

4371 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 'ഡയറ്റ്'കളിൽ നിയമിക്കപ്പെട്ടവരിൽ പലരും നിശ്ചിത യോഗ്യതയില്ലാത്തവരാണ് എന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിശ്ചിത യോഗ്യതയില്ലാത്ത എത്ര പേർക്കാണ് നിയമനം ലഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധമായി കോടതിയുടെയോ, ട്രിബ്യൂണലിന്റെയോ വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>സർക്കാർ/എയ്ഡഡ് സ്കൂളിലെ താൽകാലിക നിയമനങ്ങൾ</u>

4372 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ താൽകാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ നടത്തുന്നത് ;

(ബി) അല്ലെങ്കിൽ ഏതുവിധേനയാണ്/എങ്ങനെയാണ് പ്രസ്തുത നിയമനങ്ങൾ നടത്തുന്നത് എന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

എച്ച്.എസ്.എ. (മലയാളം) തസ്തികയിലെ ഒഴിവുകള്‍

4373 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സര്‍ക്കാര്‍ സ്കൂളുകളില്‍ എച്ച്.എസ്.എ. (മലയാളം) അദ്ധ്യാപകരുടെ എത്ര തസ്തിക നിലവിലുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയില്‍ എത്ര ഒഴിവുകള്‍ നിലവിലുണ്ടെന്നും, അവയില്‍ എത്രയെണ്ണം പി.എസ്.സി.ക്കു റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടെന്നും ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ അദ്ധ്യാപക ഒഴിവുകൾ</u>

4374 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ സ്കൂളുകളിൽ നിലവിലുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത ഒഴിവുകൾ എന്നത്തേയ്ക്ക് നികത്താനാകുമെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിലെ എച്ച്.എസ്.എ (ഗണിതശാസ്ത്രം) തസ്തികയിൽ ഒഴിവുകൾ</u>

4375 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ വർഷം കോട്ടയം ജില്ലയിൽ ഗണിതശാസ്ത്ര വിഷയത്തിൽ എത്ര എച്ച്.എസ്.എ ഒഴിവുകൾ ഉണ്ടാകുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ഹയർ സെക്കന്ററി ഡയറക്ടറുടെ സർക്കുലർ</u>

4376 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ഹയർസെക്കന്ററി ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സർക്കുലർ പുറപ്പെടുവിച്ചതിനെ തുടർന്ന് സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെടുകയുണ്ടായോ; ലഭിച്ച വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മാനേജ്മെന്റുകളുടെ സമ്മർദ്ദത്തെ തുടർന്ന് സർക്കാർ, സർക്കുലറിലെ ഏതെല്ലാം വ്യവസ്ഥകളിൽ മാറ്റം വരുത്തുകയുണ്ടായി; വിശദമാക്കാമോ;

(ഡി) അദ്ധ്യാപക നിയമനത്തിൽ മാനേജ്മെന്റുകൾ ലക്ഷക്കണക്കിന് രൂപ കൈക്കൂലി വാങ്ങിക്കൊണ്ടിരിക്കുന്നതായ ആക്ഷേപങ്ങൾ നിലനില്ക്കെ, ഇത് തടയാൻ ഡയറക്ടർ സ്വീകരിച്ച നടപടികൾക്ക് സർക്കാർ പിന്തുണ നല്കാതിരുന്നത് എന്തുകൊണ്ടാണ്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ലാബ് അസിസ്റ്റന്റ് ശ്രീ. റ്റി. രാജേഷിന്റെ നിയമനാംഗീകാരം</u>

4377 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം എസ്.എം.എസ്.എൻ.വി.എച്ച്.എസ്. സ്കൂളിൽ ഐ.ടി.ഐ. യോഗ്യതയുള്ള റ്റി. രാജേഷിന് മാനേജ്മെന്റ് നിയമനം നൽകിയ ദിവസം മുതൽ അംഗീകാരം കൊടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) 01.09.2005-ൽ നിയമനം ലഭിച്ച രാജേഷിന് 30.03.1991-ലെ സ.ഉ.(എം.എസ്)53/91 പൊ.വി.വ. നമ്പർ ഉത്തരവ് ബാധകമല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) 01.09.2005-ൽ നിയമനം ലഭിച്ച രാജേഷിന് ആ സമയത്ത് നിലവിലിരുന്ന ഉത്തരവ് പ്രകാരം 01.09.2005 മുതലുള്ള കാലയളവിലെ ആനുകൂല്യത്തിന് അർഹതയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതേ കാലയളവിൽത്തന്നെ പവിത്രേശ്വരം കെ.എൻ.എം.എച്ച്.എച്ച്.എസ്.-ൽ നിയമിച്ച ജെ.എസ്. ഹരികുമാറിന് അനുവദിച്ച ആനുകൂല്യം രാജേഷിന് അനുവദിക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ഇ) മേൽ ഉത്തരവുകളുടെയും നിയമനങ്ങളുടെയും അടിസ്ഥാനത്തിൽ വൈക്കം എസ്.എം.എസ്.എൻ.വി.എച്ച്.എസ്.എസ്.-ലെ ലാബ് അസിസ്റ്റന്റ് രാജേഷിന് മാനേജ്മെന്റ് നിയമന അംഗീകാരം നൽകിയ 01.09.2005 മുതൽ മുൻകാലപ്രാബല്യം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒഴിവുകൾ</u>

4378 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒഴിവുകളിൽ വിദൂരവിദ്യാഭ്യാസം വഴി പഠിച്ചവരെ ഒഴിവാക്കുന്നതെന്തുകൊണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>അദ്ധ്യാപക എലിജിബിലിറ്റി ടെസ്റ്റ്</u>

4379 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യു. പി. എസ്. എ., എച്ച്. എസ്. എ. തുടങ്ങിയ അദ്ധ്യാപക തസ്തികകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് എലിജിബിലിറ്റി ടെസ്റ്റ് പാസാകണമെന്ന ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) ഈ പരീക്ഷ നടത്തുന്നത് ഏത് സ്ഥാപനമാണ്;

(സി) നാളിതുവരെ എത്ര പേർ ഓരോ വർഷവും ഈ ടെസ്റ്റ് പാസായി എന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികമാറ്റംമുഖേനയുള്ള നിയമനം</u>

4380 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് ഇപ്പോൾ ഏതൊക്കെ വിഭാഗത്തെയാണ് പരിഗണിക്കുന്നതെന്ന് വിശദമാക്കുമോ; പ്രസ്തുത വിഭാഗക്കാർക്ക് ഇപ്പോൾ എത്ര ശതമാനം സംവരണം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) തസ്തികമാറ്റംമുഖേനയുള്ള നിയമനത്തിന് യോഗ്യരായ പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരെ പരിഗണിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കുമോ ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

പ്രീപ്രൈമറി സ്കൂളുകളിലെ അദ്ധ്യാപികമാർക്കും ആയമാർക്കുമുള്ള ഓണറേറിയം

4381 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ പി.ടി.എ. നേതൃത്വത്തിൽ നടത്തുന്ന പ്രീപ്രൈമറി സ്കൂളുകളിലെ അദ്ധ്യപികമാർക്കും ആയമാർക്കും എത്ര രൂപ വീതമാണ് ഓണറേറിയം നൽകിവരുന്നത്;

(ബി) ഇവർക്ക് രണ്ട് മാസമായി ഓണറേറിയം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഓണറേറിയം കൃത്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയില്‍ എല്‍. പി. എസ്. എ. (മലയാളം മീഡിയം) ഒഴിവുകള്‍</u>

4382 ശ്രീ. അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയില്‍ എല്‍. പി. എസ്. എ.(മലയാളം മീഡിയം) തസ്തികയില്‍ നിലവില്‍ എത്ര ഒഴിവുകളുണ്ട്;

(ബി) പ്രസ്തുത ഒഴിവുകളെല്ലാം പി. എസ്. സി. യ്ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കില്‍ നിലവിലുള്ള എല്ലാ ഒഴിവുകളും പി. എസ്. സി. യ്ക്ക് റിപ്പോര്‍ട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്ന് അറിയുമോ;

(ഡി) എങ്കില്‍ പ്രസ്തുത റാങ്ക് ലിസ്റ്റില്‍ നിന്ന് ഇതിനകം നിയമിച്ച ഉദ്യോഗാര്‍ത്ഥികളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>പ്രൈമറി അദ്ധ്യാപകരുടെ പ്രൊമോഷൻ</u>

4383 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപരെ ഹയർ സെക്കന്ററി അദ്ധ്യാപകരായി തസ്തികമാറ്റം വഴി നിയമിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>പാഠ്യേതര വിഷയങ്ങൾക്ക് സ്പെഷ്യൽ അദ്ധ്യാപകർ</u>

4384 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്കൂൾ വിദ്യാർത്ഥികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയിൽ വലിയ പങ്കുവഹിക്കുന്ന പാഠ്യേതര വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ഹൈസ്കൂൾ - ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്പെഷ്യൽ അദ്ധ്യാപകരെ സ്ഥിരമായി നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

**എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് നിയമനാംഗീകാരം**

4385 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാലയങ്ങളിൽ 2010-നുശേഷം ജോലിയിൽ പ്രവേശിച്ച അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരിൽ ഇതുവരെ അംഗീകാരം ലഭിക്കാത്തവരുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) യു.ഐ.ഡി. അനുസരിച്ചുള്ള തസ്തിക നിർണ്ണയം നടത്തി നിലവിൽ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന മുഴുവൻ അദ്ധ്യാപകർക്കും നിയമനാംഗീകാരം നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ;

(സി) സ്റ്റാഫ് ഫിക്സേഷനും തസ്തിക നിർണ്ണയത്തിനും ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

**കൊല്ലം ജില്ലയിലെ യു.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ**

4386 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ യു.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്കു നിയമനം നൽകിയെന്ന് അറിയാമോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലുള്ള ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഉണ്ടായേക്കാവുന്ന ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

**കൊല്ലം ജില്ലയിലെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ**

4387 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്കു നിയമനം നൽകിയെന്ന് അറിയാമോ; എങ്കിൽ, വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലുള്ള ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, എന്തു നടപടി സ്വീകരിച്ചുവെന്നു വിശദമാക്കുമോ;

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഉണ്ടായേക്കാവുന്ന ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ, നിയമനം നടത്തുന്നതിനു സത്വരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള മിനിസ്റ്റീരിയൽ സ്റ്റാഫ്</u>

4388 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിൽ ആകെ എത്ര മിനിസ്റ്റീരിയൽ സ്റ്റാഫ് ഉണ്ടെന്നുള്ള വിവരം തസ്തിക തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ എത്രപേരാണ് പി.എസ്.സി. വഴി നിയമനം ലഭിച്ചത്; തസ്തിക തിരിച്ച് അറിയിക്കുമോ;

(സി) പി.എസ്.സി. മുഖാന്തിരമല്ലാതെ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

ഹയർ സെക്കന്ററി സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക

4389 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് നമ്പർ 167/11/പൊതുവിദ്യാഭ്യാസം തീയതി 03.08.11 പ്രകാരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ച് അനുവദിച്ച് ഉത്തരവ് ആയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അധിക ബാച്ച് അനുവദിച്ച സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; ഈ ഉത്തരവിൽ ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ച് പുറപ്പെടുവിച്ച ഉത്തരവിന് (സ.ഉ.226/13/പൊ.വി; തീയതി 05.08.13) മുൻകാല പ്രാബല്യം ഇല്ല എന്ന് പറഞ്ഞിരിക്കുന്നതിനാൽ ഗസ്റ്റ് അദ്ധ്യാപകരുടെ 2011 സെപ്റ്റംബർ മുതൽ 2013 ആഗസ്റ്റ് വരെയുള്ള ശമ്പളം നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ച് ഗസ്റ്റ് അദ്ധ്യാപകർക്ക് അർഹതപ്പെട്ട ശമ്പള കുടിശ്ശിക നൽകുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

**അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാർക്കുള്ള വേതനം**

4390 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; എൽ.പി/യു.പി/ഹൈസ്കൂൾ/ഹയർ സെക്കണ്ടറി തലം തിരിച്ചുള്ള കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) എല്ലാ വിദ്യാലയങ്ങളിലുംകൂടി എത്ര അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നുണ്ട്; അനദ്ധ്യാപക ജീവനക്കാർ എത്ര;

(സി) എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിൽ വേതനം നൽകുന്നതിന് സർക്കാരിന് പ്രതിവർഷം എന്തു തുക ചിലവഴിക്കേണ്ടി വരുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഫിക്സേഷന്റെ ഫലമായി തസ്തിക നഷ്ടപ്പെട്ട എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ടോ; ഇങ്ങനെ നടന്ന നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) സർക്കാരിന്റെ പുതിയ ഉത്തരവനുസരിച്ച് നടത്തിയ ഫിക്സേഷന്റെ ഫലമായി തസ്തിക നഷ്ടപ്പെട്ട സർക്കാർ സ്കൂളുകളിലെ എത്ര അദ്ധ്യാപകർ അദ്ധ്യാപക ബാങ്കിലേയ്ക്ക് മാറ്റപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

പൊതു വിദ്യാലയങ്ങളിലെ ഡ്രൈവര്‍, ആയ തുടങ്ങിയവര്‍ക്ക് ശമ്പളം

4391 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതു വിദ്യാലയങ്ങള്‍ക്ക് ലഭിക്കുന്ന സ്കൂള്‍ ബസ്സുകളില്‍ ജോലി ചെയ്യുന്ന ഡ്രൈവര്‍, ആയ തുടങ്ങിയ ജീവനക്കാര്‍ക്ക് ശമ്പളം നല്‍കുവാന്‍ സര്‍ക്കാര്‍ നടപടി സ്വീകരിക്കുമോ;

(ബി) ഇവര്‍ക്കു സര്‍ക്കാര്‍ അംഗീകരിച്ചിട്ടുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും നല്‍കുന്നതിനും ഇവരെ സര്‍ക്കാര്‍ ജീവനക്കാരായി പരിഗണിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ വിദ്യാലയങ്ങളിലെ പ്രീപ്രൈമറി ജീവനക്കാരുടെ ഓണറേറിയം</u>

4392 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ വിദ്യാലയങ്ങളിലെ പ്രീപ്രൈമറി ജീവനക്കാരുടെ ഓണറേറിയം യഥാസമയം ലഭിക്കുന്നില്ലെന്നകാര്യം ശ്രദ്ധയില്‍ പ്പെട്ടിട്ടുണ്ടോ; നിലവില്‍ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവര്‍ക്ക് യഥാസമയം ഓണറേറിയം അനുവദിക്കുകയും ഇവരെ സ്ഥിരം ജീവനക്കാരായി നിയമിക്കുകയും ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അൺ - എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യപകരുടെ യോഗ്യത</u>

4393 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ - എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ യോഗ്യത ഉറപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അദ്ധ്യാപകർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ സേവന- വേതന വ്യവസ്ഥ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സേവന-വേതന വ്യവസ്ഥയും യോഗ്യതയും ഉറപ്പാക്കുന്നതിനുളള പരിശോധന ഈ സ്ഥാപനങ്ങളിൽ വാർഷികമായി നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ പരിശോധിച്ച് പഠന നിലവാരം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>എ.ഐ.പി. സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ</u>

4394 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാറിലെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന 33 എ.ഐ.പി. സ്കൂളുകളിൽ നിലവിൽ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ സേവന-വേതനവ്യവസ്ഥകൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എ.ഐ.പി. സ്കൂളുകളിൽ അദ്ധ്യാപകനിയമനം നടന്നിട്ടുണ്ടോ; എങ്കിൽ എത്ര അദ്ധ്യാപകരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ; നിയമനം നടത്തിയതാര്, നിയമനരീതി എന്നിവ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

## സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

4395 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിലെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപകജീവനക്കാരുടെ സേവനവേതനവ്യവസ്ഥകൾ സംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുതസ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഗ്രേഡ് പ്രമോഷൻ, ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നീ തസ്തികകളിലേയ്ക്കുള്ള പ്രമോഷൻ എന്നിവയുടെ മാനദണ്ഡങ്ങളും ചട്ടങ്ങളും വ്യക്തമാക്കുമോ;

(സി) ഇത്തരം സ്കൂളുകളിൽനിന്നു വിരമിച്ച അദ്ധ്യാപക-അനദ്ധ്യാപകജീവനക്കാരുടെ അർഹതപ്പെട്ട പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) തീരുമാനമാകാത്ത അപേക്ഷകൾ നിലവിലുണ്ടോ; എങ്കിൽ, പ്രസ്തുത അപേക്ഷകൾ എത്ര കാലയളവിനുള്ളിൽ തീർപ്പാക്കുമെന്നു പറയുമോ;

(ഇ) പ്രസ്തുത സ്കൂളുകളിലെ ഹയർ സെക്കൻഡറി വിഭാഗത്തിലെ ജീവനക്കാരെ പി.എസ്.സി. അംഗീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സ്പോർട്സ് സ്കൂളുകൾ</u>

T.4396 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്പോർട്സ് സ്കൂളുകൾ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിദമാക്കുമോ;

(ബി) അൺഎയ്ഡഡ്, എയ്ഡഡ് മേഖലയിൽ എത്ര സ്പോർട്സ് സ്കൂളുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിലുള്ള ഓരോ വിദ്യാലയങ്ങളിലും എത്ര കുട്ടികൾക്ക് ഏതെല്ലാം ഇനങ്ങളിൽ പരിശീലനം നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പുതുതായി സർക്കാർ, എയ്ഡഡ് മേഖലയിൽ സ്പോർട്സ് സ്കൂൾ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കായികരംഗത്തെ മികച്ച സ്കൂളുകൾക്ക് പ്രത്യേക പാക്കേജ്</u>

4397 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്തെ സെന്റ് ജോർജ്, മാർ ബേസിൽ എന്നീ ഹയർ സെക്കൻഡറി സ്കൂളുകളും, മാർ അത്തനേഷ്യസ് കോളേജും കായികരംഗത്തു നൽകുന്ന മികച്ച സംഭാവനകൾ കണക്കിലെടുത്ത് വിദ്യാഭ്യാസവകുപ്പ് പ്രസ്തുത സ്ഥാപനങ്ങൾക്കും അതിലെ വിദ്യാർത്ഥികൾക്കും എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകുമെന്നു വ്യക്തമാക്കുമോ;

(ബി) കായികരംഗത്ത് സംസ്ഥാനത്തിന്റെ അഭിമാനകേന്ദ്രങ്ങളായ ഈ മൂന്നു സ്ഥാപനങ്ങൾക്കും പ്രത്യേകമായി ഒരു പാക്കേജോ, അല്ലെങ്കിൽ അതിനു സമാനമായ സഹായങ്ങളോ നൽകുന്നതിന് എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ദേശീയ സ്കൂൾ മീറ്റ് കായികതാരങ്ങൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിലെ വീഴ്ച</u>

4398 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്കൂൾ മീറ്റിനായി പോകേണ്ടിയിരുന്ന കായികതാരങ്ങൾക്ക് യാത്രാസൗകര്യമുൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയ സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ബി) ഇക്കാര്യത്തിൽ കോടതി നടത്തിയ പരാമർശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(സി) മികച്ച വിജയം നേടിയ കായികതാരങ്ങൾക്കും പരിശീലകർക്കുമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സാഹചര്യത്തിൽ മുന്നൊരുക്കങ്ങളിലെ വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

(ഇ) 17-തവണ തുടർച്ചയായി കിരീടം നേടിയ കേരളാ ടീമിന് അർഹമായ പ്രോത്സാഹനം നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>അൺ - എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ മേലുള്ള ശിക്ഷാ നടപടികൾ</u>

4399 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ - എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ മേൽ കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് സ്കൂൾ മാനേജ്മെന്റുകൾ അദ്ധ്യാപകർക്കുമേൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോ;

(സി) നെടുമങ്ങാട് ദർശനാ ഹയർസെക്കണ്ടറി സ്കൂളിൽ കായികാദ്ധ്യാപിക ഏതാനും വിദ്യാർത്ഥികളുടെ മുടി മുറിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്കൂൾ മാനേജ്മെന്റിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അൺ - എയ്ഡഡ് സ്കൂളുളിൽ വിദ്യാർത്ഥികളുടെ മേൽ സ്വീകരിക്കുന്ന കടുത്ത ശിക്ഷാ നടപടികളും, മറ്റ് പീഡനങ്ങളും തടയുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

എസ്.എസ്.എൽ.സി.യിലെ തെറ്റുകൾ തിരുത്താൻ അദാലത്ത്

4400 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ എസ്.എസ്.എൽ.സി.യിലെ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള അദാലത്തുകൾ ഏതെല്ലാം ജില്ലകളിൽ പൂർത്തീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും എന്നാണ് അദാലത്തുകൾ നടത്തിയതെന്നും, എത്ര അപേക്ഷകൾ കൈപ്പറ്റിയെന്നും വ്യക്തമാക്കുമോ;

(സി) ഫീസിനത്തിൽ സർക്കാരിന് ഇതുവഴി എന്തു വരുമാനം ലഭിച്ചു; കണക്കുകൾ വിശദമാക്കുമോ;

(ഡി) അദാലത്തുകളിൽ ലഭിച്ച എത്ര അപേക്ഷകളിൽ അന്തിമതീർപ്പു കൽപ്പിച്ചും തെറ്റുകൾ തിരുത്തിയും സർട്ടിഫിക്കറ്റുകൾ വിദ്യാർത്ഥികൾക്കു കൈമാറിയെന്നു വെളിപ്പെടുത്തുമോ;

(ഇ) പരീക്ഷാ ഭവൻ അദാലത്തുകൾ ഇതേ മാതൃകയിൽ തുടർന്നും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) അദാലത്തിൽ പങ്കെടുത്ത ജീവനക്കാർക്ക് എന്തെങ്കിലും അഡീഷണൽ അലവൻസുകൾ നൽകിയിട്ടുണ്ടോ; ഓരോ തസ്തികയിലെയും ജീവനക്കാർക്കു നൽകിയ അലവൻസുകളുടെ നിരക്കുകൾ എത്രയായിരുന്നു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>സ്കൂൾ കലോൽസവത്തിൽ വാതുവയ്പ്പുകാരുടെയും ഇടനിലക്കാരുടെയും ഇടപെടലുകൾ</u>

4401 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 അദ്ധ്യയന വർഷത്തിലെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വാതുവെയ്പ്പ് സംഘങ്ങളുടെയും ഇടനിലക്കാരുടെയും ഇവർക്ക് വിധേയരായ ചില വിധികർത്താക്കളുടെയും നടത്തിപ്പ് ജീവനക്കാരുടെയും ഇടപെടലും സംബന്ധിച്ച് മത്സരാർത്ഥികളും, രക്ഷകർത്താക്കളും വിദ്യാർത്ഥികളുടെ ഗുരുസ്ഥാനീയരും പരാതിപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; അന്വേഷണത്തിൽ കണ്ടെത്തിയ വിധികർത്താക്കളും നടത്തിപ്പുകാരും ആരെല്ലാമെന്നും എന്തു നടപടികൾ ഇവർക്കെതിരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കലോൽസവത്തിൽ വാതുവെയ്പ്പുകാരുടെയും മറ്റു സംസ്ഥാന വ്യവസായ പ്രമുഖരുടെയും സിനിമ നിർമ്മാതാക്കളുടെയും ഇത്തരത്തിലുള്ള ഇടപെടൽ തടയുവാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു; എങ്കിൽ ഇത്തരത്തിൽ ഇടപെടലുകൾ നടത്തപ്പെട്ടവരായി കണ്ടെത്തിയവർ ആരെല്ലാം; എന്തു നടപടികൾ ഇവർക്കെതിരെ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഡി) കലോത്സവത്തിൽ കുറ്റമറ്റ വിധി നിർണ്ണയം നടത്താൻ കഴിഞ്ഞില്ല എന്ന രഹസ്യാന്വേഷണ റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു;

(ഇ) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഇപ്പോൾ കണ്ടുവരുന്ന ഇത്തരം അനാവശ്യ മത്സരം ഒഴിവാക്കാൻ കലോത്സവ ഘടനയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; എങ്കിൽ എപ്രകാരമുള്ള മാറ്റങ്ങളാണ് എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ വകുപ്പിനെതിരെയുള്ള കേസുകളിന്മേൽ നടപടി

4402

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിനെതിരെ ഹൈക്കോടതിയിലും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലുമായി എത്ര കേസ്സുകൾ നിലവിലുണ്ട്;

(ബി) നിലവിൽ എത്ര കേസ്സുകൾ കോടതിയലക്ഷ്യത്തിന്റെ പരിധിയിൽ ഉണ്ട്;

(സി) ഇപ്രകാരം വിദ്യാഭ്യാസ വകുപ്പിൽ കേസുകൾ കൂടുകയും കോടതിയലക്ഷ്യക്കേസ്സുകൾ വരികയും ചെയ്തതിന്റെ ഭാഗമായി, ഇത് കൈകാര്യം ചെയ്യാൻ വകുപ്പ് പ്രത്യേക ദൗത്യസംഘത്തെ നിയമിച്ചുവോ; എങ്കിൽ ആരൊക്കെയാണ്
പ്രത്യേക ദൗത്യസംഘത്തിലെ അംഗങ്ങൾ; വ്യക്തമാക്കാമോ;

(ഡി) 2013-14 അദ്ധ്യയന വർഷം ഇത്തരത്തിൽ പിഴയിനത്തിൽ നാളിതുവരെ എത്ര തുക ഹൈക്കോടതി ചുമത്തി; വ്യക്തമാക്കുമോ;

(ഇ) 2013-14 അദ്ധ്യയനവർഷം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി നാളിതുവരെ എത്ര തുക വിദ്യാഭ്യാസ വകുപ്പ് ചിലവഴിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>എസ്. എസ്. എൽ. സി പിശകുകൾ തിരുത്തുന്നതിന് കാസറഗോഡ് നടത്തിയ അദാലത്ത്</u>

4403 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി.യിലെ തിരുത്തലുകൾക്കായി കാസറഗോഡിൽ സംഘടിപ്പിച്ച അദാലത്തിൽ ലഭ്യമായതും, തീർപ്പുകൽപ്പിച്ചതുമായ അപേക്ഷകളെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) അദാലത്തിൽ ലഭ്യമായ എത്ര അപേക്ഷകൾ ഇനി തീർപ്പാകാനുണ്ട്;

(സി) ഇവ എന്നത്തേയ്ക്ക് തീർപ്പുകൽപ്പിക്കാനാകും; വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>കൊടുവള്ളി സ്കൂളിൽ നിന്നും കല്ല്, പാറ, മണ്ണ് എന്നിവയുടെ മോഷണം</u>

4404 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്കൂൾ ഭൂമികളിൽനിന്ന് കല്ല്, പാറ, മണ്ണ് എന്നിവ എടുക്കുവാനുള്ള അവകാശം പി.ടി.എ.കൾക്കാണോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണോ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇങ്ങനെ എടുക്കുന്ന കല്ല്, പാറ, മണ്ണ് എന്നിവ സ്കൂളിന് ആവശ്യമില്ലാത്തപക്ഷം അവ അവിടെനിന്നും മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽനിന്നും കഴിഞ്ഞ ക്രിസ്തുമസ് ഒഴിവുകാലത്ത് ലോഡുകണക്കിന് കല്ല് വെട്ടി കടത്തിക്കൊണ്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പോലീസിൽ പ്രധാനാദ്ധ്യാപകൻ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാമാണ് പ്രതികളെന്ന് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയുമോ; വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെ സംഭവിച്ച നഷ്ടം നികത്തുന്നതിനും കല്ല് കടത്തിക്കൊണ്ടുപോയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഇംഗ്ലീഷ് ഭാഷയിൽ നടത്തുന്ന അസംബ്ലി കാര്യപരിപാടികൾ</u>

4405 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ടെക്നിക്കൽ സ്കൂളുകളിൽ അസംബ്ലി കാര്യപരിപാടികൾ ഇംഗ്ലീഷ് ഭാഷയിൽ കൈകാര്യം ചെയ്യണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തെ ചില ടെക്നിക്കൽ സ്കൂളുകളിൽ അസംബ്ലി കാര്യപരിപാടികൾ ഇംഗ്ലീഷ് ഭാഷയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര മണ്ഡലത്തിലെ സ്കൂളുകളിൽ പ്ലസ്ടൂ-വിന് അധികബാച്ച്</u>

4406 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ഈ അദ്ധ്യയനവർഷം പ്ലസ്ടു-വിന് അധികബാച്ചിന് അപേക്ഷ നൽകിയിരുന്നു;

(ബി) ഏതെല്ലാം സ്കൂളുകൾക്ക് പ്ലസ്ടു-വിന് അധികബാച്ച് അനുവദിച്ചു;

(സി) പ്ലസ്ടു ബാച്ചിൽ 2013-ലെ പ്രവേശനം പൂർത്തീകരിച്ച് കഴിഞ്ഞപ്പോൾ കൊട്ടാരക്കര മണ്ഡലത്തിലെ സ്കൂളുക ളിൽ എത്ര സീറ്റുകൾ ഒഴിവുണ്ട്; സ്കൂളുകൾതിരിച്ച് ആയതിന്റെ കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പ്രഖ്യാപിത പൊതു അവധി ദിവസത്തെ സ്കൂൾ പ്രവർത്തനം</u>

4407 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രഖ്യാപിത പൊതു അവധി ദിവസങ്ങളിലും ഞായറാഴ്ചകളിലും ക്ലാസുകൾ നടത്തുന്നതിന് ഏതെല്ലാം സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്;

(ബി) ഇത്തരം സ്കൂളുകളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ 200 അദ്ധ്യയന ദിനങ്ങൾ ഉറപ്പാക്കുന്നതിന് നടപടി</u>

4408 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവങ്ങളും കായികമത്സരങ്ങളും പഠന പ്രവർത്തനങ്ങളുടെ ഭാഗമാണെങ്കിലും ഇതുമൂലം അദ്ധ്യയനദിനങ്ങൾ നഷ്ടപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം മത്സരങ്ങൾ അവധിക്കാലത്ത് ക്രമീകരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ടോ;

(സി) വർഷത്തിൽ, സ്കൂളുകളിൽ ഇരുന്നൂറ് അദ്ധ്യയന ദിനങ്ങൾ ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

സ്കൂൾ പ്രവൃത്തിദിനങ്ങൾ

4409 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഓരോ അദ്ധ്യയന വർഷത്തെയും പ്രവൃത്തി ദിവസങ്ങൾ എത്രയായിരുന്നു എന്ന് കഴിഞ്ഞ പത്ത് വർഷത്തെ കണക്ക് വ്യക്തമാക്കുമോ;

(ബി) സ്കൂൾ പ്രവൃത്തി ദിവസങ്ങൾ കുറയുന്നത് അദ്ധ്യയനത്തെ കാര്യമായി ബാധിക്കുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

4410 ശ്രീ. കെ. എൻ. എ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള ഒരു അധ്യയന വർഷം ഇരുന്നൂറ് ദിവസത്തെ അധ്യയനം വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>പൈതൃക സംരക്ഷണ പ്രവൃത്തികളിൽ ഏർപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്</u>

4411 ശ്രീ.കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെറിറ്റേജ് ക്ലബ്ബുകൾ പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വളരെ നല്ലരീതിയിൽ ഇപ്പോൾ നടന്നുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം പൈതൃക സംരക്ഷണ പ്രവൃത്തികളിൽ ഏർപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകി അവർക്ക് മതിയായ പ്രോത്സാഹനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ആവശ്യം അംഗീകരിക്കുവാനും ഗ്രേസ് മാർക്കു നൽകുവാനും സർക്കാർ തയ്യാറാകുമോ;

(ഡി) ഇതുവരെ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ സെഷണൽ/ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ</u>

4412 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സെഷണൽ/ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന എത്ര വിദ്യാലയങ്ങളുണ്ടെന്ന് വിശദമാക്കുമോ;

(ബി) സെഷണൽ/ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുന്നതിനായി ഈ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

4413 ശ്രീ. തോമസ്സ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി മേഖലകളിലെ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ലൈബ്രേറിയൻമാരെ നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) വായനാശീലം വളർത്തുന്നതിനും പാഠ്യേതര വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഏറെ അറിവ് നേടുന്നതിനും സ്കൂൾ തലത്തിലെ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള ലൈബ്രേറിയൻ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 04.02.2014-ലെ മറുപടിക്ക്

<u>എയിഡഡ് സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർക്ക്
യാത്രാബത്ത</u>

4414 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയിഡഡ് സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർക്ക് ഔദ്യോഗികാവശ്യങ്ങൾക്ക് പോകുന്നതിന് യാത്രാബത്ത നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒരേ ആവശ്യത്തിനായി സർക്കാർ എയ്ഡഡ് സ്കൂളുകളിലെ പ്രധാനാധ്യാപകർ യാത്ര ചെയ്യേണ്ടി വരുന്ന സാഹചര്യങ്ങളിൽ എയ്ഡഡ് സ്കൂളുകളിലെ പ്രധാനാധ്യാപർക്ക് മാത്രം ഈ ആനുകൂല്യം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എയിഡഡ് സ്കൂളുകളിലെ പ്രധാനാധ്യാപകർക്കും സർക്കാർ സ്കൂൾ പ്രധാനാധ്യാപകർക്ക് നല്കുന്നതുപോലെ യാത്രാബത്ത നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>പ്രൈമറി വിദ്യാലയങ്ങളിൽ പ്രധാന അദ്ധ്യാപകരെ ക്ലാസ്സ് ചാർജ്ജിൽ നിന്ന് ഒഴിവാക്കാൻ നടപടി</u>

4415

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൈമറി വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർക്ക് വിദ്യാഭ്യാസ വകുപ്പിന്റെ യോഗങ്ങൾ, ഉച്ചഭക്ഷണ പദ്ധതി, എ.ഇ.ഒ. ഓഫീസ് കാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നിരന്തരം സ്കൂൾ വിട്ടുനിൽക്കേണ്ടതായിവരുന്ന സാഹചര്യങ്ങളുള്ളതിനാൽ ഇവർക്ക് ചുമതലയുള്ള ക്ലാസ്സുകളുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) പുതിയ പാഠ്യപദ്ധതി പ്രകാരം എല്ലാ ദിവസവും ക്ലാസ്സിൽ അധ്യാപകൻ പോകേണ്ടത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പൊതുവിദ്യാലയങ്ങളിലെ പ്രസ്തുത ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും, ക്ലാസ്സുകളിൽ എല്ലാ ദിവസവും അദ്ധ്യാപകന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനുമായി പ്രധാന അധ്യാപകരെ ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

തൃശൂർ എ.എം.യു.പി.എസ്. - മാനേജ്മെന്റ് മാറ്റം

4416

ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ചാവക്കാട് ഉപജില്ലയിലെ തളിക്കുളം എ.എം.യു.പി.എസ്. മാനേജ്മെന്റ് കൈമാറ്റം സംബന്ധിച്ച് സർക്കാരിന് അപേക്ഷ നൽകിയിരുന്നോ;

(ബി) നിലവിലുള്ള കോടതിവിധികൾ പ്രകാരം സ്കൂളിന്റെ മാനേജ്മെന്റ് മാറുന്നതിന് നിയമതടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>എൽ. പി./യു. പി. ക്ലാസുകളിലെ പഠന നിലവാരം</u>

4417 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ. പി./യു. പി. ക്ലാസുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ/എയിഡഡ് മേഖലയിൽ എൽ. പി./യു. പി. തലത്തിലുള്ള വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ 2012-13 വർഷത്തിൽ എത്ര തുക അനുവദിച്ചു;

(സി) പ്രസ്തുത തുകയിൽ എത്ര ചിലവഴിച്ചു; എന്തെല്ലാം കാര്യങ്ങൾക്കാണ് ചിലവഴിച്ചത്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ടെക്നിക്കൽ സ്കൂളുകളിലെ ശാസ്ത്രബോധന മാധ്യമം</u>

4418 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെക്നിക്കൽ സ്കൂളുകളിൽ ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള ബോധനമാധ്യമമായി മലയാളഭാഷയെ കരിക്കുലം കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ചില സ്കൂളുകളിൽ ശാസ്ത്ര വിഷയങ്ങളിൽ ബോധന മാധ്യമമായി ഇംഗ്ളീഷ് ഭാഷ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിച്ച് ശാസ്ത്ര വിഷയങ്ങളുടെ ബോധന മാധ്യമം മലയാളമാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ വകുപ്പിൽ സ്പാർക്ക് നടപ്പാക്കുന്നതിലെ
ബുദ്ധിമുട്ടുകൾ

4419 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ സ്പാർക്ക് നടപ്പാക്കിയത് മൂലം ഹെഡ്മാസ്റ്റർമാർക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ കാര്യത്തിലും മേലുദ്യോഗസ്ഥരുടെ അംഗീകാരം വാങ്ങണമെന്ന നിർദ്ദേശം കാലതാമസം ഉണ്ടാക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ;

(സി) സ്പാർക്ക് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ശമ്പളം ലഭിക്കുന്നതിൽ കാലതാമസം വരുത്തുമെന്നതിനാൽ മുൻ സംവിധാനം തന്നെ തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകരുടെ കണക്ക്</u>

4420

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഒരു വിദ്യാർത്ഥിപോലുമില്ലാത്ത സർക്കാർ സ്കൂളുകൾ നിലവിലുണ്ടെങ്കിൽ പ്രസ്തുത സ്കൂളുകളിൽ എത്ര അദ്ധ്യാപകരാണ് ജോലി നോക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>സംരക്ഷിത അദ്ധ്യാപകർ</u>

4421 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര സംരക്ഷിത അദ്ധ്യാപകരാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കുന്ദമംഗലത്ത് മാത്സ് കോളേജ്</u>

T.4422 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ സ്ഥാപന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ ഒരു മാത്സ് കോളേജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

അക്കാദമിക് സിറ്റി

4423 ശ്രീ. ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാദമിക് സിറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതനുസരിച്ച് നിലവിലുള്ളതിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് ഇവിടെ വരുത്തുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>കോളേജസ് ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം</u>

4424 ശ്രീ. ഹൈബി ഈഡൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജസ് ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം കോളേജുകളിലാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>യൂത്ത് സൈക്കോളജി യിൽ പരിശീലനം</u>

4425 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോളേജ് അദ്ധ്യാപകർക്ക്, അവരുടെ വിദ്യാർത്ഥികളെ മനസ്സിലാക്കി ക്ലാസ് എടുക്കുന്നതിനും വിദ്യാർത്ഥി-അദ്ധ്യാപക സംഘർഷങ്ങൾ ഇല്ലാതാക്കുന്നതിനും സഹായകരമായവിധം സ്വാശ്രയ കോളേജുകൾ ഉൾപ്പെടെയുള്ള അദ്ധ്യാപകർക്ക് യൂത്ത് സൈക്കോളജിയിൽ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>കോളേജുകൾക്ക് സ്വയംഭരണാവകാശം</u>

4426

ശ്രീ. സാജുപോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ പദവി നൽകുന്നത് സർക്കാർ മേഖലയിൽ നിന്നും ഏതെല്ലാം കോളേജുകൾക്കാണെന്നും എയ്ഡഡ് മേഖലയിൽ നിന്നും ഏതെല്ലാം കോളേജുകൾക്കാണെന്നും അറിയിക്കുമോ;

(ബി) എത്ര കോളേജുകളെയാണ് സ്വയംഭരണ പദവിയ്ക്കായി പരിഗണിക്കാൻ ഉദ്ദേശിക്കുന്നു;

(സി) സ്വയംഭരണ കോളേജുകളായി പ്രഖ്യാപിക്കുന്ന കോളേജുകൾക്ക് തുടർന്നും സർക്കാർ എയ്ഡ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സ്വയംഭരണ കോളേജുകളിലെ പുതിയ കോഴ്സുകളും പഠനരീതിയും സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>കോളേജുകളിലെ അനധ്യാപക ജീവനക്കാരുടെ മേലധികാരികൾ</u>

4427 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ എത്ര ആർട്സ് ആന്റ് സയൻസ് കോളേജുകളും ട്രെയിനിംഗ് കോളേജുകളുമാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് അനധ്യാപക ജീവനക്കാരുടെ ഓഫീസ് മേധാവികളായി, സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകൾ നിലവിലുള്ളതെന്ന് സ്ഥാപനങ്ങളുടെ പേരും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികയും സഹിതം വ്യക്തമാക്കാമോ?

(സി) മറ്റ് സ്ഥാപനങ്ങളിൽ അനധ്യാപക ജീവനക്കാരുടെ ശമ്പള ബില്ലുൾപ്പെടെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ എല്ലാ കാര്യങ്ങളിലും ഓഫീസ് മേധാവി എന്ന നിലയിൽ പ്രവർത്തിച്ചുവരുന്നത് ആരാണ്;

(ഡി) കോളേജുകളിലെ പഠന സമ്പ്രദായം സെമസ്റ്റർ രീതിയിലേക്കു മാറുകയും, കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികളുടെ നടത്തിപ്പും പരീക്ഷയുൾപ്പെടെയുള്ള ഉത്തരവാദിത്വങ്ങളും നിർവ്വഹിച്ചു വരുന്ന കോളേജ് പ്രിൻസിപ്പൽമാർക്ക് കോളേജിന്റെ അക്കാദമിക് രംഗവുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട് എന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കോളേജ് പ്രിൻസിപ്പൽമാർക്ക് അവരുടെ ഉത്തരവാദിത്വം നിറവേറ്റാൻ കഴിയുംവിധം ജോലിഭാരം കുറച്ച് സ്ഥാപന മേധാവി എന്ന നിലയിൽ പ്രവർത്തിക്കുന്നതിനും, അനധ്യാപക ജീവനക്കാരുടെ ഓഫീസ് മേധാവികളായി ഗസറ്റഡ് തസ്തികയിലുള്ളവരെ ഈ തസ്തികകൾ ഇല്ലാത്ത എല്ലാ സ്ഥാപനങ്ങളിലും നിയമിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പുതിയ എയ്ഡഡ് കോളേജുകൾ</u>

4428 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് മേഖലയിൽ എത്ര ആർട്സ് & സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇത്തരം കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ എണ്ണം എത്രയെന്ന് വിശദമാക്കുമോ;

(ബി) പ്രതിവർഷം എയ്ഡഡ് കോളേജുകളിൽ വേതനം നൽകുന്നതിനായി എന്തു തുക ചെലവു വരുമെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ എയ്ഡഡ് കോളേജുകൾ അനുവദിക്കുകയുണ്ടായോ; എങ്കിൽ ഏതൊക്കെ മാനേജുമെന്റുകൾക്ക് എത്ര കോളേജുകൾ എവിടെയെല്ലാം അനുവദിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>എയ്ഡഡ് മേഖലയിലെ ആർട്സ് & സയൻസ് കോളേജുകളിലെ പുതിയ കോഴ്സുകൾ</u>

4429 ശ്രീ.കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം കോളേജുകളിൽ എത്ര വീതം കോഴ്സുകളാണ് അനുവദിച്ചത്; ഏതെല്ലാം മാനേജ്മെന്റുകൾക്കാണ് കോഴ്സ് നൽകിയിട്ടുളളത്; എല്ലാ കോളേജുകൾക്കും കോഴ്സുകൾ തുല്യമായാണോ അനുവദിച്ചത്;

(സി) പുതിയ കോഴ്സുകളുടെ ഭാഗമായി എത്ര തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിന്റെ ഫലമായി സർക്കാരിന് പ്രതിവർഷം എന്ത് തുക അധികച്ചെലവ് വരും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

എയ്ഡഡായി മാറ്റിയ കോഴ്സുകൾക്ക് അദ്ധ്യാപക തസ്തിക

4430 ശ്രീ.കെ.സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ ഏതെങ്കിലും എയ്ഡഡ് കോളേജുകളിൽ നിലനിന്നിരുന്ന സ്വാശ്രയ കോഴ്സുകൾ എയ്ഡഡ് കോഴ്സാക്കി മാറ്റിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇങ്ങനെ എയ്ഡഡാക്കി മാറ്റപ്പെട്ട കോഴ്സുകൾക്ക് അദ്ധ്യാപക തസ്തിക ആവശ്യമുണ്ടോ; അത് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആകെ എത്ര തസ്തികകൾ;

(സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ഫലമായി സർക്കാരിന് എന്ത് തുക അധികച്ചെലവ് വരുമെന്ന്ണ് കണക്കാക്കിയിട്ടുളളത്?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>ഹയർസെക്കൻഡറി അധ്യാപകരുടെ കോളേജുകളിലേക്കുള്ള നിയമനം</u>

4431 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലെ നിയമന നിരോധനം മാറ്റിയ ശേഷം നിശ്ചിത യോഗ്യതയുള്ള എത്ര ഹയർ സെക്കന്ററി അധ്യാപകർ എയ്ഡഡ്/ഗവ. കോളേജുകളിൽ നിയമനം നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കൻഡറിയിൽ 12 വർഷം സീനിയറായ അധ്യാപകർക്ക് 29,560/- രൂപ അടിസ്ഥാന ശമ്പളമുള്ളപ്പോൾ കോളേജിൽ നിയമനം നേടിയാൽ 21600/- രൂപ അടിസ്ഥാന ശമ്പളത്തിൽ ജോലി ചെയ്യേണ്ടിവരും എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെയുള്ള അധ്യാപകർക്ക് ഹയർ സെക്കന്ററിയിലെ ഉയർന്ന അടിസ്ഥാന ശമ്പളവും, ഏൺഡ് ലീവും കോളേജുകളിൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് [eg. Calicut, Chapter 2 item 23(4] അനുസരിച്ച് സംരക്ഷിച്ചുകിട്ടാൻ എന്തു നടപടിയാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കോളേജിൽ നിയമന നിരോധനം നിലനിന്നിരുന്ന കാലഘട്ടത്തിൽ ഹയർസെക്കന്ററി അധ്യാപകരായി നിയമനം ലഭിച്ച നിശ്ചിത യോഗ്യതയുള്ള അധ്യാപകർക്ക് പുതുതായി കോളേജിൽ നിയമനം ലഭിച്ചപ്പോൾ പ്രീഡിഗ്രിക്ക് തുല്യമായ സർവ്വീസ് വെയിറ്റേജ് സുപ്രീം കോടതി വിധിക്കനുസൃതമായി (Supreme Court of India - for state of Kerala, Junior & Senor lectures, Judgement on 29/4/97 for appeals no: 3108-3109 of 1997; state of Karnataka, CA Nos. 8334-8353/2001, 8355, 8357 & 8358 - 8374/2001) കോളേജ് സർവ്വീസിലും നൽകാമോ എന്ന് വ്യക്തമാക്കുമോ;

(ഇ) 23452/D2/B/HSD dated 25.5.13 49630/Fin Edn c dated 25.5.13 44578/DC/13 dated 21.12.13 എന്നീ ഫയലുകളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

കോതമംഗലം എം.എ. കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർമാർക്കുള്ള ശമ്പള കുടിശ്ശിക

4432 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം എം. എ. കോളേജിൽ, വിവിധ വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം ലഭിച്ച എട്ടോളം പേർക്ക് 2011 ജൂൺ 1 മുതലുള്ള നിയമനത്തിന് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചെങ്കിലും ഡയറക്ടറേറ്റ് ഓഫ് കൊളീജിയേറ്റ് എജ്യൂക്കേഷനിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ ശമ്പളം ലഭിയ്ക്കാത്ത വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ശമ്പളകുടിശ്ശിക ലഭ്യമാക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>കാസറഗോഡ് ഗവണ്‍മെന്റ് കോളേജില്‍ പുറത്താക്കപ്പെട്ട വിദ്യാര്‍ത്ഥികള്‍</u>

4433 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസറഗോഡ് ഗവണ്‍മെന്റ് കോളേജില്‍ നിന്ന് കോളേജ് കൗണ്‍സില്‍ ഐകകണ്ഠേന തീരുമാനിച്ച് എത്ര കുട്ടികളെ കോളേജില്‍ നിന്നും പുറത്താക്കിയിരുന്നു; വിശദാംശങ്ങള്‍ അറിയിക്കാമോ;

(ബി) ഇവരെ പുറത്താക്കുന്നതിന് കോളേജ് കൗണ്‍സില്‍ തീരുമാനമെടുക്കാനുണ്ടായ കാരണം വിശദമാക്കാമോ;

(സി) കോളേജില്‍ ഇവര്‍ നടത്തിയ അക്രമസംഭവങ്ങള്‍ എന്തൊക്കെയാണെന്നും എത്ര കേസ്സുകള്‍ ഇവരുടെ പേരില്‍ നിലവിലുണ്ടെന്നും ഇതില്‍ പെണ്‍കുട്ടികളെ ആക്രമിച്ച കേസ് എത്രയുണ്ടെന്നുമുള്ളത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പുറത്താക്കപ്പെട്ടവരെ കോളേജില്‍ തിരിച്ചെടുക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കില്‍ ആരുടെ നിര്‍ദ്ദേശപ്രകാരമാണ് ഇത്തരത്തിലുള്ള നീക്കം നടത്തുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം

4434 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം കുറയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഏതെങ്കിലും കമ്മീഷനെ ഇതിനായി നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷൻ ഏതാണെന്ന് അറിയിക്കുമോ; കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കമ്മീഷന്റെ നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപക, അനദ്ധ്യാപക വിദ്യാഭ്യാസ യോഗ്യത പരിശോധിക്കുവാൻ നിലവിൽ എന്തു സംവിധാനമാണുള്ളത്;

(ഇ) പ്രസ്തുത സംവിധാനത്തിന്റെ പോരായ്മ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി;

(എഫ്) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിലവാരം ഉയർത്താനും മിനിമം വേതനം ഉറപ്പാക്കുന്നതിനുമായി സ്വീകരിച്ച സംവിധാനങ്ങൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

സര്‍ക്കാര്‍, എയിഡഡ് മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകള്‍

4435 ശ്രീ. കെ. സുരേഷ്കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സര്‍ക്കാര്‍ മേഖലയില്‍ എത്ര എഞ്ചിനീയറിംഗ് കോളേജുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട് ; ഇവയിലെല്ലാമായി എത്ര സീറ്റുകള്‍ ഉണ്ട് ; ഈ അദ്ധ്യയനവര്‍ഷം പ്രവേശനം നല്‍കാതെ സീറ്റുകള്‍ ഒഴിഞ്ഞു കിടന്നിരുന്നോ ; എങ്കില്‍ എത്ര സീറ്റുകള്‍ ; സര്‍ക്കാര്‍ എഞ്ചിനീയറിംഗ് കോളേജുകളില്‍ പുതിയ കോഴ്സോ, സീറ്റോ അനുവദിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് എയ്ഡഡ് മേഖലയില്‍ എത്ര എഞ്ചിനീയറിംഗ് കോളേജുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട് ; എവിടെയെല്ലാം ; ഇവയുടെ മാനേജ്മെന്റുകള്‍ സംബന്ധിച്ച വിശദാംശം നല്‍കാമോ ; നിലവിലുള്ള കോളേജുകളില്‍ പുതിയ കോഴ്സുകള്‍ അനുവദിച്ചിട്ടുണ്ടോ ; വിശദാംശം നല്‍കാമോ ;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍വന്നശേഷം എയ്ഡഡ് മേഖലയില്‍ പുതിയ എഞ്ചിനീയറിംഗ് കോളേജ് അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങള്‍ നല്‍കാമോ ;

(ഡി) ഓരോ കോളേജിനും അനുവദിച്ച കോഴ്സുകളുടെ വിശദാംശം നല്‍കാമോ ;

(ഇ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളില്‍ എയ്ഡഡ് കോഴ്സ് അനുവദിച്ചിട്ടുണ്ടോ ; വിശദാംശം നല്കാമോ ;

(എഫ്) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം സംസ്ഥാനത്ത് ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകള്‍ എയ്ഡഡ് കോഴ്സാക്കി മാറ്റിയിട്ടുണ്ടോ ; വിശദാംശം നല്‍കാമോ ;

(ജി) എയ്ഡഡ് മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളില്‍ വേതനം നല്‍കുന്നതിന് പ്രതിവര്‍ഷം സര്‍ക്കാരിന് എന്ത് തുക ചെലവ് വരുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

(എച്ച്) സ്വാശ്രയ മേഖലയില്‍ പ്രവര്‍ത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളില്‍ എയ്ഡഡ് കോഴ്സുകള്‍ നല്‍കിയിട്ടുണ്ടെങ്കില്‍ ഇവിടങ്ങളില്‍ വേതനം നല്‍കുന്നതിന് എന്ത് തുക ചെലവ് വരും ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

സ്വകാര്യമേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ

4436 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ച് വിശദാംശം നൽകുമോ; ഇവിടങ്ങളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; അദ്ധ്യാപകരുടെ എണ്ണമെത്ര;

(ബി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് എത്ര രൂപയാണ് ശമ്പളമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ

4437 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകളിൽ ബി-ടെക്. പ്രവേശനത്തിന് ആകെ എത്ര സീറ്റുകളാണുള്ളത് എന്ന് സർക്കാർ/എയ്ഡഡ്/സ്വാശ്രയ കോളേജുകൾ തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഈ അദ്ധ്യയനവർഷം ബി-ടെക്. പ്രവേശനത്തിനുള്ള സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ; ബ്രാഞ്ച് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം തേടാതെ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം കണക്കാക്കുന്നതെങ്ങനെയാണ്; സ്വാശ്രയ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ഒഴിവുകളുടെ എണ്ണം കൃത്യമാണോ എന്ന് പരിശോധിക്കപ്പെടുന്നുണ്ടോ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്
ബി. ടെക്/എം. ടെക് സീറ്റുകളുടെ എണ്ണം

4438 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 വർഷം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഓരോ വർഷവും ബി. ടെക് അഡ്മിഷനായി മെരിറ്റ്/മറ്റ് സംവരണത്തിനായി നീക്കിവച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ ഓരോ വിഭാഗത്തിലും കഴിഞ്ഞ മൂന്ന് വർഷക്കാലം ഓരോ വർഷവും അഡ്മിഷൻ നൽകിയ വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) 2010-11, 2011-12, 2012-13 വർഷങ്ങളിൽ എം. ടെക് അഡ്മിഷനായി സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് കോളേജുകളിലേയക്ക് മെരിറ്റ്/മറ്റ് സംവരണ വിഭാഗം എന്നിവയ്ക്കായി നീക്കിവച്ച സീറ്റുകളുടെ എണ്ണം ലഭ്യമാക്കാമോ;

(ഡി) മേൽ വർഷങ്ങളിൽ എം. ടെക് അഡ്മിഷന് സർക്കാർ/എയ്ഡഡ് കോളേജുകളിൽ മെരിറ്റ്/മറ്റ് സംവരണ വിഭാഗങ്ങളിൽ അഡ്മിഷൻ ലഭിച്ച കുട്ടികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

(ഇ) കഴിഞ്ഞ 3 വർഷത്തിനിടയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എം. ടെക്-ന് അഡ്മിഷൻ ലഭിച്ചിട്ടില്ലായെന്ന പരാതി ലഭിച്ചിരുന്നോ; എങ്കിൽ പരാതി പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ രംഗത്ത് ആവിഷ്കരിച്ചിട്ടുള്ള പരിഷ്കാര നടപടികൾ</u>

4439 ശ്രീ. എം. എ. ബേബി
,, റ്റി. വി. രാജേഷ്
,, ആർ. രാജേഷ്
ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഉന്നത വിദ്യാഭ്യാസ രംഗത്ത് ആവിഷ്കരിച്ചിട്ടുള്ള പരിഷ്കാര നടപടികൾ കേരളത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിക്കുകയുണ്ടായോ;

(ബി) കേന്ദ്രം ആവിഷ്കരിച്ച 'റൂസ' പദ്ധതി നടപ്പാക്കുന്നതിനായി ഫണ്ടിന്റെ 35% സംസ്ഥാന വിഹിതം നൽകുന്നതിന് സർക്കാർ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; ഇത് എന്തു തുക വരുമെന്ന് കണക്കാക്കിയിട്ടുണ്ട്;

(സി) 'റൂസ' നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ഉന്നത വിദ്യാഭ്യാ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പുതിയ പരിഷ്കാര നടപടികൾ ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വയംഭരണവും സ്വകാര്യവത്ക്കരണവും വ്യാപകമാക്കുന്നതിനും കാരണമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മൂല്യശോഷണത്തിന് വഴിവെക്കുമെന്ന് അറിവുള്ളതാണോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികൾ</u>

4440 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത എത്ര ലൈബ്രറികളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്;

(ബി) വായനശാലകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>ഗ്രന്ഥശാലകളുടെ നവീകരണം</u>

T.4441 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രന്ഥശാലകളുടെ നവീകരണത്തിന് ഗ്രന്ഥശാലാ ലോട്ടറി ഏർപ്പെടുത്തുന്നതിന് ധനകാര്യവകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുമോ; വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ ആദ്യം ലോട്ടറി ഏർപ്പെടുത്തിയ ഡി. സി. കിഴക്കേമുറിയുടെ പേരിൽ പ്രസ്തുത ലോട്ടറി നടപ്പിൽ വരുത്തുവാൻ ശുപാർശ ചെയ്യുമോ; വ്യക്തമാക്കാമോ;

(സി) ഗ്രന്ഥശാലകളുടെ പുനരുദ്ധാരണത്തിനും പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനും പുതിയ കെട്ടിടങ്ങൾ പണിയുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ; ഗ്രന്ഥശാല നവീകരണത്തിന് എം. എൽ. എ. ഫണ്ട് നൽകുന്നതിന് തടസ്സമുള്ളതായി അറിവുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ മുൻകൈയ്യെടുക്കുമോ; വിശദമാക്കാമോ;

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

എൻ. ബി. എസ്. വിദ്യാഭ്യാസ കേന്ദ്രങ്ങൾ

4442 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാൽ ബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന വിദ്യാഭ്യാസ കേന്ദ്രത്തിന് സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെന്നുള്ള വിവരം സ്കൂൾ/ കോളേജ്/മറ്റ് വിദ്യാഭ്യാസ്ഥാപനങ്ങൾ എന്നിവയുടെ പേരുവിവരം ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം കോഴ്സുകൾ നടത്തിവരുന്നുയെന്നുള്ള വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടേയും ഇതര ജീവനക്കാരുടേയും നിയമനം നടത്തുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്നറിയിക്കുമോ;

(ഡി) അദ്ധ്യാപകരുടേയും ഇതര ജീവനക്കാരുടേയും സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ഇ) ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി എതെങ്കിലും സെന്ററുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ആയതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പിണറായി ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിടം നിർമ്മിക്കാൻ നടപടി</u>

4443 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി യുടെ കീഴിൽ പിണറായിയിൽ പ്രവർത്തിക്കുന്ന കോളേജിനായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഐ. എച്ച്. ആർ. ഡി. യിലെ ശമ്പള പരിഷ്കരണം</u>

4444 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. എച്ച്. ആർ. ഡി. നിലവിൽവന്നതിനു ശേഷം എത്ര തവണ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടെന്നും ഏതൊക്കെ വർഷങ്ങളിലായിരുന്നെന്നും വ്യക്തമാക്കുമോ;

(ബി) അടുത്ത ശമ്പള പരിഷ്കരണം എപ്പോൾ നടക്കുമെന്നും ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(സി) ഐ. എച്ച്. ആർ. ഡി. ജിവനക്കാർക്കുള്ള ശമ്പള പരിഷ്കരണത്തിന് എന്തെങ്കിലും തടസ്സമുണ്ടോ;

(ഡി) ശമ്പള പരിഷ്കരണം വളരെ നീണ്ടുപോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് പെൻഷൻ</u>

4445 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് പെൻഷൻ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ പോളിടെക്നിക് കോളേജിന് എ.ഐ.സി.ടി.ഇ അംഗീകാരത്തിന് നടപടി</u>

4446 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദത്തു പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ പോളി ടെക്നിക് കോളേജിന് എ.ഐ.സി.ടി.ഇ അംഗീകാരം ലഭിക്കാത്തതിനാൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ അഡ്മിഷൻ നടത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ ഫണ്ട് ഐ.എച്ച്.ആർ.ഡി യുടെ കൈവശമുണ്ടായിട്ടും ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) വൈദ്യുതീകരണം, ജലവിതരണ സംവിധാനം, ഫർണിച്ചർ എന്നിവയ്ക്ക് ഫണ്ട് അനുവദിക്കാത്തതിന്റെ കാരണം അന്വേഷിക്കുമോ;

(ഡി) മതിയായ ഫണ്ട് ഐ.എച്ച്.ആർ.ഡി യിൽ നിന്നും കൈമാറി ലാബിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് എ.ഐ.സി.ടി.ഇ അംഗീകാരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് പരപ്പിൽ പോളിടെക്നിക് സ്ഥാപിക്കാൻ നടപടി</u>

4447 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പരപ്പ ആസ്ഥാനമായി ഗവൺമെന്റ് പോളിടെക്നിക് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത് എന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോളിടെക്നിക്കുകളാണ് അനുവദിച്ചിട്ടുളളത്;

(ഡി) പുതുതായി അനുവദിച്ച പോളിടെക്നിക്കുകളുടെ പട്ടികയും ആരംഭിച്ച തീയതിയും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അന്തർ സർവ്വകലാശാല കേന്ദ്രങ്ങൾ</u>

4448 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ അന്തർസർവ്വകലാശാല കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഉന്നതനിലവാരത്തിലുള്ള ഗവേഷണവും പഠനവും സാദ്ധ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സർവ്വകലാശാല അവാർഡ് നിധി</u>

4449 ശ്രീ. അൻവർ സാദത്ത്
,, വി. റ്റി. ബാൽറാം
,, കെ. മുരളീധരൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾക്കുവേണ്ടി അവാർഡ് നിധി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത നിധിയിലേയ്ക്കുള്ള ധനസമാഹരണം എങ്ങിനെ നടത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സർവ്വകലാശാലകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നിധിയിൽനിന്നും നൽകുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

കോഴിക്കോട് സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രങ്ങൾ

4450 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രങ്ങൾ നടത്തുന്നത് സർവ്വകലാശാല നേരിട്ടാണോ; അല്ലെങ്കിൽ ഏതെങ്കിലും ഏജൻസി വഴിയാണോ എന്നറിയിക്കുമോ ;

(ബി) ഏജൻസികളാണെങ്കിൽ ഏതെല്ലാം ഏജൻസികളാണെന്നും ഏതെല്ലാം രാജ്യങ്ങളിലാണ് ഈ കേന്ദ്രങ്ങൾ നടത്തുന്നതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടിയിൽ കാലടി സംസ്കൃത സർവ്വകലാശാല ഉപകേന്ദ്രം</u>

4451 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയുടെ അധീനതയിലുള്ള സ്ഥലത്ത് കാലടി സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശികകേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച് യൂണിവേഴ്സിറ്റി വി.സി., യൂണിവേഴ്സിറ്റി രജിസ്ട്രാർ, ജനപ്രതിനിധികൾ എന്നിവർ കൊയിലാണ്ടിയിൽ യോഗം ചേർന്നിട്ടുണ്ടായിരുന്നുവോ;

(ബി) എങ്കിൽ അത് എന്നായിരുന്നു എന്നും യോഗനടപടികളുടെ വിശദാംശം എന്തായിരുന്നു എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത യോഗത്തിന്റെ തുടർച്ചയായി കാലടി സർവ്വകലാശാലാ അധികൃതർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ വിഷയത്തിൽ അടിയന്തിരതുടർനടപടികൾ സ്വീകരിക്കാനും ഉപകേന്ദ്രം സ്ഥാപിക്കാനും തയ്യാറാകുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ബി.എസ്.സി. നഴ്സിംഗ് പരീക്ഷ</u>

4452 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികളിൽ ബി.എസ്.സി. നഴ്സിംഗിന് പരീക്ഷ കഴിഞ്ഞിട്ടും, കഴിഞ്ഞ ആഗസ്റ്റ് മാസം ബി.എസ്.സി. കോഴ്സ് പൂർത്തീകരിച്ച എം.ജി. യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പരീക്ഷ നടക്കാത്തത് മൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പരീക്ഷ എന്നത്തേക്ക് നടത്താൻ സാധിക്കുമെന്നും ഫലം എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സാക്ഷരതാ മിഷന്റെ പ്രവർത്തനം</u>

4453 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാക്ഷരതാ മിഷൻ ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്;

(ബി) നിരക്ഷരരെ സാക്ഷരരാക്കുന്നതിനുള്ള ഗ്രാമതലത്തിലുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്തൊട്ടാകെ എത്ര സാക്ഷരതാ പ്രേരക്മാർ/കോഓർഡിനേറ്റർമാരാണ് നിലവിലുള്ളത്; അവരുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഡി) സാക്ഷരതാ പ്രേരക്മാർക്ക്/കോഓർഡിനേറ്റർമാർക്ക് നൽകുന്ന സാമ്പത്തിക പ്രതിഫലം എത്രയാണെന്ന് വ്യക്തമാക്കുമോ?